മത്സ്യത്തൊഴിലാളിക്ഷേമം

127 (2039) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിക്ഷേമ പ്രവർത്തനത്തിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മത്സ്യസംസ്കരണം, വിതരണം, വിപണനം മുതലായ രംഗങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുന്ന മത്സ്യബന്ധനേതര തൊഴിലാളികൾക്ക് വേണ്ടി ക്ഷേമനിധി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

1. അപകട ഇൻഷ്വറൻസ് പദ്ധതി
2. അപകടം മൂലം മരണമടയുകയോ പൂർണ്ണമായോ ഭാഗികമായോ അംഗ വൈകല്യം സംഭവിക്കുകയോ ചെയ്താലുള്ള ധനസഹായം.
3. പെൻഷൻ പദ്ധതി.
4. സൗജന്യ ചികിത്സാ സഹായം.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

128 (2040) ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചപ്പോൾ മുന്നോട്ടുവെച്ച ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെയായിരുന്നു ;

(ബി) അവ എത്രമാത്രം ഫലവത്തായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ബോർഡിലേക്ക് തൊഴിലാളികൾ അടച്ചിട്ടുള്ള തുകയുടെ പത്തു ശതമാനം ഗവൺമെന്റ് വിഹിതം ബോർഡിന് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇതു നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ക്ഷേമനിധി ബോർഡിന് ഗവൺമെന്റ് നൽകിയ സാമ്പത്തിക സഹായം വിശദീകരിക്കാമോ ;

(എഫ്) ബോർഡിൽ നിന്നും അവശതാ പെൻഷൻ എത്രപേർക്ക് നൽകിയിട്ടുണ്ട് ;

(ജി) ഇങ്ങനെ നൽകിയ തുകയ്ക്ക് ഗവൺമെന്റ് വിഹിതമായി തുക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) ബോർഡിൽ നിന്ന് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഗവൺമെന്റിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുമായിട്ടാണ് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) പത്തുശതമാനം തുക നൽകിയിട്ടില്ല. 1995-1996, 1997-1998, 1998-1999 എന്നീ വർഷങ്ങളിൽ ഒരു ലക്ഷം രൂപ വീതവും 1996-97 ൽ 27,240 രൂപയും നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) 3,27,240 രൂപ നൽകിയിട്ടുണ്ട്.

1995-1996	1,00,000.00
1996-1997	27,240.00
1997-1998	1,00,000.00
1998-1999	1,00,000.00

(എഫ്) 31-3-1999 വരെ 2212 പേർക്ക്.

(ജി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന അവശതാ പെൻഷന് ഗവൺമെന്റ് വിഹിതം നൽകുന്നതിന് വ്യവസ്ഥയില്ല.

(എച്ച്) പെൻഷൻ ആനുകൂല്യം നൽകുന്നതിന് 5 കോടി രൂപ ബജറ്റിൽ ഉൾപ്പെടുത്തി തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകണമെന്ന് 16-6-1998-ലെ ചെയർമാന്റെ നിവേദനം സർക്കാർ പരിശോധിക്കുകയും തുക അനുവദിക്കുവാൻ കഴിയില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly